"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി- മാനദണ്ഡങ്ങൾ പരിഷ്കരിച്ച ഉത്തരവ് നടപ്പിലാക്കുന്നത്= സംബന്ധിച്ച് -അധികനിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ വികസന (എ) വകുപ്പ്

സ.ഉ.(കൈ) നം.20/2025/SCSTD തീയതി,തിരുവനന്തപുരം, 08-07-2025

പരാമർശം:-
1. സർക്കാർ ഉത്തരവ് (കൈ) നമ്പർ 11/2024/SCSTDD തീയതി : 01.06.2024
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 04.02.2025 ലെ SCDD/2821/2024-B3 (EDN B) നമ്പർ കത്ത്.

**ഉത്തരവ്**

പഠന-പാഠ്യേതര പ്രവർത്തനങ്ങളിൽ തൽപ്പരരായവരും എന്നാൽ കുടുംബപരമായും സാമ്പത്തികമായും പിന്നാക്കാവസ്ഥ കാരണം ഇത് പ്രകടിപ്പിക്കാൻ കഴിയാത്തവരുമായ സമർഥരായ പട്ടികജാതി/ പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് പഠന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനാവശ്യമായ സഹായം നൽകുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കോളർഷിപ്പ് പദ്ധതി മാനദണ്ഡങ്ങൾ പരാമർശം 1 പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. സ്കോളർഷിപ്പ് നടപ്പിലാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന അധികനിർദ്ദേശങ്ങൾ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. അയ്യങ്കാളി ടാലന്റ് സെർച്ച് പരീക്ഷ പട്ടികജാതി വികസന ഡയറക്ടറും പട്ടികവർഗ്ഗ വികസന ഡയറക്ടറും സംയുക്തമായി നടത്തണം. പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർപേഴ്സണായും, പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, കൺട്രോളർ ഓഫ് എക്സാമിനേഷൻസിൽ നിന്നുള്ള ഒരു പ്രതിനിധി എന്നിവരുമടങ്ങുന്ന ഒരു വിദഗ്ധ സമിതിയുടെ ഉപദേശപ്രകാരം പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചോദ്യപേപ്പർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. സുതാര്യത, ഉത്തരവാദിത്വം,തുല്യത,സമത്വം,ഉൾക്കൊള്ളൽ,രഹസ്യാത്മകത (Transparency, accountability,equitability,equity,inclusivity and secrecy) എന്നിവ ഉറപ്പു വരുത്തി ചോദ്യപേപ്പർ തയ്യാറാക്കുന്നതിന്റെ ഉത്തരവാദിത്വം ടി വിദഗ്ധ സമിതിക്കായിരിക്കും.

2. 2025-26 അധ്യയന വർഷം മുതൽ പട്ടികജാതി വികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം) , പട്ടികവർഗ്ഗ വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) എന്നിവരെ ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ്

സ്കോളർഷിപ്പ് പദ്ധതിയുടെ അതത് വകുപ്പുകളിലെ നോഡൽ ഓഫീസർമാരായി നിയമിക്കുന്നു.

3. ശ്രീ അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് സ്കോളർഷിപ്പിനായി പട്ടികജാതി വികസന വകുപ്പും പട്ടികവർഗ്ഗ വികസന വകുപ്പും ഒരേ സമയം തന്നെ ഇ-ഗ്രാന്റ്സ് പോർട്ടലിന്റെ ഓപ്പണിങ്ങും ക്ലോസിങ്ങും നടത്തേണ്ടതാണ്.

4. 2024-25 സാമ്പത്തിക വർഷത്തിലെ സ്കോളർഷിപ്പ്, അനുവദിക്കേണ്ട അധിക ആനുകൂല്യങ്ങൾ എന്നിവ സംബന്ധിച്ച് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ, പട്ടികജാതി വികസന വകുപ്പിലെ ജോയിന്റ് ഡയറക്ടർ (വിദ്യാഭ്യാസം) , പട്ടികവർഗ്ഗ വികസന വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർ (വിദ്യാഭ്യാസം) എന്നിവർ ഉൾപ്പെടുന്ന സബ് കമ്മിറ്റി സംയുക്തമായി തീരുമാനം എടുക്കേണ്ടതാണ്.

പരാമർശം 1 ലെ ഉത്തരവ് മേൽപ്പറഞ്ഞ വ്യവസ്ഥകളോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സിമി.എ.എസ്

അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.

ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (G&SSA), കേരള, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (E&RSA), കേരള, തിരുവനന്തപുരം.

ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

Signed by

Nazeer S

സെക്ഷൻ ഓഫീസർ

Date: 10-07-2025 10:35:35